**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **03-02-2026 - ൽ മറുപടിയ്ക്ക്**

**പീപ്പിൾസ് റസ്റ്റ് ഹൗസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസ് എന്ന പേരിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തതിലൂടെ സർക്കാർ സേവനങ്ങളുടെ ജനാധിപത്യവൽക്കരണം ഏത് രീതിയിയിൽ സാധ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ 2021 നവംബർ 1 മുതൽ "പീപ്പിൾസ് റസ്റ്റ് ഹൗസ്" എന്ന പേരിൽ പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്. പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി ആരംഭിച്ചതോടെ ഓൺലൈനിലൂടെ മുറികൾ കുറഞ്ഞ വാടകയിൽ ബുക്ക് ചെയ്യുന്നതിനും താമസിക്കുന്നതിനും സാധാരണ ജനങ്ങൾക്ക് സാധ്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം എല്ലാ വിശ്രമ കേന്ദ്രങ്ങളിലും ഓൺലൈൻ ബുക്കിംഗ് സൗകര്യം ഒരുക്കുകയും കൂടാതെ സംസ്ഥാനതലത്തിൽ ഏകോപനത്തിനായി തിരുവനന്തപുരത്ത് ഹെൽപ് ഡെസ്ക് (CCR- Centralized Control Room) സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>വിശ്രമ കേന്ദ്രങ്ങളിൽ, resthouse.pwd.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന മുറികൾ ബുക്ക് ചെയ്യുന്നതിനും അതിന്റെ വാടക ഓൺലൈൻ ആയി അടയ്ക്കുന്നതിനും വേണ്ട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ബുക്ക് ചെയ്ത മുറികൾ ആവശ്യമില്ലാത്ത പക്ഷം ഓൺലൈൻ മുഖേന തന്നെ ബുക്കിംഗ് റദ്ദാക്കുന്നതിനും ബന്ധപ്പെട്ട വാടക തുക തിരികെ ലഭിക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പരാതികളും അഭിപ്രായങ്ങളും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും പൊതുമരാമത്ത് വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.<br><br>ഇത്തരത്തിൽ പുതുതായി സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സൗകര്യങ്ങൾ ഉള്ള മുറികൾ കുറഞ്ഞ നിരക്കിൽ** |

| | | | |
|---|---|---|---|
| | | | ഓൺലൈൻ മുഖേന വളരെ എളുപ്പത്തിൽ ബുക്ക് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്. |
| (ബി) | റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷം നാളിതുവരെ ഉണ്ടായിട്ടുള്ള വരുമാന വർദ്ധനവ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | **റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചതിനോടൊപ്പം മികച്ച ഭൗതിക സൗകര്യങ്ങളോടെ പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങൾ ലഭ്യമാക്കിയത് വഴി റസ്റ്റ് ഹൗസുകളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2021 നവംബർ 1 മുതൽ 2026 ജനുവരി 26 വരെ ആകെ 5,26,288 ബുക്കിംഗുകൾ വഴി 32,28,02,406/- രൂപ വാടകയിനത്തിൽ വരുമാനമായി ലഭിച്ചിട്ടുണ്ട്.** |
| (സി) | പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾ പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം അറിയിക്കാമോ; | (സി) | **റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചതിനോടൊപ്പം മികച്ച ഭൗതിക സൗകര്യങ്ങളോടെ പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങൾ ലഭ്യമാക്കിയത് വഴി റസ്റ്റ് ഹൗസുകളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2021 നവംബർ 1 മുതൽ 2026 ജനുവരി 26 വരെ ആകെ 5,26,288 ബുക്കിംഗുകൾ വഴി 32,28,02,406/- രൂപ വാടകയിനത്തിൽ വരുമാനമായി ലഭിച്ചിട്ടുണ്ട്.** |
| (ഡി) | റസ്റ്റ് ഹൗസുകളിൽ ഭക്ഷണ സൗകര്യം ഉറപ്പാക്കുന്നതിനായി കാന്റീനുകൾ ആരംഭിക്കുന്നതിലെ പുരോഗതി വിശദമാക്കാമോ; | (ഡി) | **കാന്റീൻ സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ ഘട്ടംഘട്ടമായി തുടർന്ന് വരുന്നതാണ്. ഓപ്പറേറ്റർമാരുടെ ലഭ്യതയും പ്രായോഗിക സാഹചര്യങ്ങളും പരിഗണിച്ച് റസ്റ്റ് ഹൗസുകളിൽ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർനടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിലെ കാന്റീൻ സൗകര്യങ്ങളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു** |
| (ഇ) | കേരളത്തിന് പുറത്തുള്ള പി. ഡബ്ല്യു. ഡി. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | **കേരളത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നതും പൊതുമരാമത്ത് കെട്ടിട വിഭാഗം, കൊല്ലം കാര്യാലയത്തിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടുന്നതുമായ കുറ്റാലം പാലസ് സമഗ്രമായി നവീകരിച്ച് ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് താമസ സൗകര്യത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. കേരള പാലസ് കുറ്റാലം മെയിൻ പാലസ്, പാലസ് അനക്സ്, അമ്മവക നാലുകെട്ട്, കൂലി ലെയിൻ, സ്കോർപ്പിയോൺ ഹാൾ, ടിൻ കോട്ടേജ്, സ്കോർപ്പിയോ ബിൽഡിംഗ്, സെക്രട്ടറി ക്വാർട്ടേഴ്സ്, സൂപ്രണ്ട് പാലസ്, കോട്ടേജ്-1, 2, 3 എന്നിവ ഉൾപ്പെടെ ആകെ 11 കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി 225 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. റിസപ്ഷൻ ബ്ലോക്കിനായി പുതിയ** |

| | | | |
|---|---|---|---|
| | | | **കെട്ടിടം നിർമ്മിച്ചിട്ടുള്ളതും, പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് താമസ സൗകര്യം ലഭ്യമാക്കിയിട്ടുള്ളതുമാണ്. പാലസും അനുബന്ധ കെട്ടിടങ്ങളും CCTV ക്യാമറ നിരീക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, വൈദ്യുതി തടസ്സം നേരിടുന്നതിനായി ജനറേറ്റർ സ്ഥാപിച്ചിട്ടുള്ളതും, പൊതുജനങ്ങൾക്ക് നൽകുന്ന മുറികളിൽ നാല് എണ്ണം പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്യവയുമാണ്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**1. കാന്റീൻ സൗകര്യം നിലവിലുള്ള റസ്റ്റ് ഹൗസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ.**

| ജില്ല | റസ്റ്റ് ഹൗസുകൾ |
|---|---|
| തിരുവനന്തപുരം | തൈക്കാട്, പാറശ്ശാല, നെടുമങ്ങാട് |
| കൊല്ലം | കൊല്ലം, കരുനാഗപ്പള്ളി, കൊട്ടാരക്കര, ശാസ്താംകോട്ട, അച്ചൻകോവിൽ, പത്തനാപുരം, പുനലൂർ |
| പത്തനംതിട്ട | പത്തനംതിട്ട |
| ആലപ്പുഴ | മാവേലിക്കര, കായംകുളം |
| കോട്ടയം | പാലാ, വൈക്കം |
| ഇടുക്കി | തൊടുപുഴ |
| എറണാകുളം | ഫോർട്ട് കൊച്ചി, എറണാകുളം, പത്തടിപ്പാലം, കാക്കനാട്, നോർത്ത് പറവൂർ |
| തൃശ്ശൂർ | തൃശ്ശൂർ, കൊടുങ്ങല്ലൂർ |
| പാലക്കാട് | ഇല്ല |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | കോഴിക്കോട്, ഫറോക്ക് |
| വയനാട് | കൽപ്പറ്റ |
| കണ്ണൂർ | തലശ്ശേരി |
| കാസർഗോഡ് | കാസർഗോഡ് |

**2. കാന്റീൻ ആരംഭിക്കുന്നതിനായി നടപടികൾ പുരോഗമിക്കുന്ന റസ്റ്റ് ഹൗസുകൾ**

| റസ്റ്റ് ഹൗസുകൾ | നിലവിലെ സ്ഥിതി |
|---|---|
| ആലപ്പുഴ, കരുമാടി, കോട്ടയം, ചങ്ങനാശ്ശേരി, അരുണാപുരം, മുണ്ടക്കയം, ഈരാറ്റുപേട്ട, എരുമേലി, പെരുമ്പാവൂർ, ആലുവ, വടക്കാഞ്ചേരി, ഇരിങ്ങാലക്കുട, ചാലക്കുടി, പാലക്കാട്, പേരാമ്പ്ര, വടകര, കൊയിലാണ്ടി, പയ്യന്നൂർ | നടപടികൾ പുരോഗമിക്കുന്നു |

**3. ലേല നടപടികൾ പൂർത്തീകരിച്ചെങ്കിലും നിലവിൽ കാന്റീൻ പ്രവർത്തനം ആരംഭിക്കാത്ത റസ്റ്റ് ഹൗസുകൾ**

| റസ്റ്റ് ഹൗസുകൾ | കാരണം/നിലവിലെ സ്ഥിതി |
|---|---|
| ആറ്റിങ്ങൽ, ആര്യനാട്, ആറന്മുള, കോഴഞ്ചേരി, റാന്നി, മല്ലപ്പള്ളി, തിരുവല്ല, കോതമംഗലം, നേരിയമംഗലം, അങ്കമാലി | ലേല നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഓപ്പറേറ്റർമാരുടെ അഭാവം മൂലം പ്രവർത്തനം ആരംഭിച്ചിട്ടില്ല. |